"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.റജീന.വി.കെ (എൽ.ഡി.ടൈപ്പിസ്റ്റ്, ഹയർസെക്കന്ററി എഡ്യുക്കേഷൻ ഡയറക്ടറേറ്റ്, തിരുവനന്തപുരം)-യുടെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

സ.ഉ.(സാധാ) നം.2200/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/11/2020

---

പരാമർശം:- 1 10.05.2013 തീയതിയലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 11.05.2017-ലെ സ.ഉ(സാധാ)നം.1537/2017/തസ്വഭവ

4 09.08.2018-ലെ സ.ഉ(സാധാ)നം.2215/2018/തസ്വഭവ

5 05.12.2019-ലെ സ.ഉ(സാധാ)നം.2770/2019/തസ്വഭവ

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09/09/2020-ലെ 5501/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ എൽ.ഡി ടൈപ്പിസ്റ്റായ ശ്രീമതി.റജീന.വി.കെ-യെ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പരാമർശം (4), (5) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 19.05.2020ന് അവസാനിച്ചതായും 20.05.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം(6)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി.റജീന.വി.കെ-യുടെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1) സർക്കുലറിലെയും പരാമർശം(2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 20.05.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ

ശ്രീമതി.റജീന.വി.കെ(ഹയർസെക്കന്ററി എഡ്യുക്കേഷൻ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഹയർസെക്കന്ററി എഡ്യുക്കേഷൻ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള,
തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ